


# പെന്തക്കുസ്താ തിരുനാൾ

യോഹ. 16: 5-15; അപ്പ. 2: 1-13; 1 കോറി 12: 1-11 (Vol. 9, Issue 62)

റവ. ഡോ. തോമസ് പ്ലാത്തോട്ടത്തിൽ MCBS

രണ്ടാം വത്തിക്കാൻ കൗൺസിൽ തുടങ്ങുന്നതിനു മുമ്പ് ഭാഗ്യസ്മരണാർഹനായ ജോൺ 23-ാമൻ പാപ്പ പ്രാർത്ഥിച്ചതിങ്ങനെയാണ്: "പരിശുദ്ധാത്മാവേ, ഒരു പുതിയ പെന്തക്കുസ്തായിലെന്ന പോലെ തിരുസഭയെ നവീകരിക്കണമെ." പെന്തക്കുസ്താ നാളിൽ മുന്മഴ പെയ്യിച്ച പരിശുദ്ധാത്മാവ് ഇന്നും വാടിപ്പോയതിനെ നനച്ചും ആറിപ്പോയതിന് ചൂട് നൽകിയും മന്ദീഭവിച്ചതിന് തീക്ഷ്ണത നൽകിയും അനേകരെ സാക്ഷ്യജീവിതത്തിൽ നിലനിർത്തുന്നു.

പെന്തക്കുസ്താ എന്ന വാക്കിന്റെ അർത്ഥം 'അമ്പത്, അമ്പതാമത്തേത്' എന്നൊക്കെയാണ്. പെസഹാ തിരുനാൾ കഴിഞ്ഞുവരുന്ന ഏറ്റവും പ്രധാനപ്പെട്ട തിരുനാളാണ് പെന്തക്കുസ്താ. പെസഹാ തിരുനാൾ കഴിഞ്ഞ് ഏഴാമത്തെ ആഴ്ചയിലെ സാബത്തിൽ ആഘോഷിച്ചിരുന്ന ഈ തിരുനാളിനെ ഒരു കൊയ്ത്തുകാല ഉത്സവമായും (പുറ. 23:16) ആഴ്ചകളുടെ തിരുനാളായും (പുറ. 34:22) ആദ്യഫലങ്ങളുടെ തിരുനാളായും (സംഖ്യ 28:26) പഴയനിയമത്തിൽ കരുതിയിരുന്നു.

പുതിയനിയമത്തിൽ പരിശുദ്ധാത്മ നിറവിന്റെയും തത്ഫലമായുള്ള ശക്തീകരണത്തിന്റെയും തിരുനാളാണ് പെന്തക്കുസ്താ. യഹൂദർ നൂറ്റാണ്ടുകളായി പെന്തക്കുസ്താ തിരുനാൾ ആചരിക്കുന്നവരായിരുന്നു. എന്നാൽ, പെന്തക്കുസ്താനുഭവം നേടിയത് ആത്മാവിന്റെ വരവോടെയാണ്. നമുക്ക് തിരുസഭയുടെ ഉദ്ഘാടന ദിവസമാണ് പെന്തക്കുസ്താ തിരുനാൾ.

ഇന്ന് ആരാധനാക്രമവത്സരത്തിൽ ശ്ലീഹാക്കാലം ആരംഭിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ ആഗമനവും ശ്ലീഹന്മാരുടെ സുവിശേഷവേലയുടെ ഉദ്ഘാടനവും നടന്ന പെന്തക്കുസ്താ തിരുനാളും ചേർന്ന് ഏഴ് ആഴ്ചകൾ നീളുന്ന കാലമാണ് ശ്ലീഹാക്കാലം. അരൂപിയാൽ നിറഞ്ഞ അപ്പസ്തോലന്മാർ ഒരു സമൂഹമാവുകയും വിവിധങ്ങളായ വരങ്ങളാലും ദാനങ്ങളാലും നിറഞ്ഞ് സുവിശേഷം പ്രഘോഷിക്കുന്നതിനെ ഈ കാലഘട്ടത്തിൽ അനുസ്മരിക്കുന്നു. ഐക്യത്തിനു വേണ്ടിയുള്ള ആഹ്വാനമാണ് ഈ കാലഘട്ടത്തിലെ വായനകളിൽ മുഴങ്ങുന്ന സന്ദേശം.

ഇന്ന് തിരുസഭ നമുക്ക് ധ്യാനവിഷമായി തന്നിരിക്കുന്ന വായനകളുടെ പ്രമേയം പരിശുദ്ധാത്മാവിന്റെ വരവും സഭയിലും നമ്മിലുമുള്ള അവിടുത്തെ പ്രവർത്തനങ്ങളുമാണ്. ഈ ലോകം വിട്ട് പിതാവിന്റെ പക്കലേയ്ക്ക് പോകുന്നതിനു മുമ്പ് ഈശോ പലതവണ തന്റെ ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നു. "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; നിങ്ങളോടു കൂടെയായിരിക്കാൻ മറ്റൊരു സഹായകനെ ഞാൻ നിങ്ങൾക്ക് നൽകും." അവൻ സത്യാത്മാവാണ്. ഈശോ തന്റെ വാഗ്ദാനം പൂർത്തിയാക്കിയ ദിവസമാണ് പെന്തക്കുസ്താ.

എന്തുകൊണ്ടാണ് ഈശോ തന്റെ ആത്മാവിനെ

എന്തുകൊണ്ടാണ് ഈശോ തന്റെ ആത്മാവിനെ അപ്പസ്തോലന്മാരുടെമേൽ അയച്ചത്? ക്രിസ്തുശിഷ്യരെ ശക്തിപ്പെടുത്താൻ വേണ്ടി തന്നെ. അപ്പ. 1: 18-ൽ നാം വായിക്കുന്നു: "പരിശുദ്ധാത്മാവ് വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങളെനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും." യേശുവിന് സാക്ഷ്യം വഹിക്കാൻ ശക്തി നൽകുന്നവനാണ് പരിശുദ്ധാത്മാവ്. യേശു, കർത്താവാണെന്ന് ഏറ്റുപറയാൻ അവിടുന്ന് നമ്മെ ശക്തരാക്കുന്നു. യഹൂദരെ ഭയന്ന് കതകടച്ചിരുന്ന ശിഷ്യന്മാർ ആത്മാവ് വന്നപ്പോൾ ധൈര്യശാലികളായി മാറി. യേശുവിന്റെ സുവിശേഷം ധൈര്യപൂർവ്വം പ്രസംഗിച്ച ശേഷം കല്ലേറു കൊള്ളുന്ന സ്തെഫാനോസിനെക്കുറിച്ച് ബൈബിൾ വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണ്: "അവൻ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായിരുന്നു." നമ്മുടെ വിശ്വാസം ഏറ്റുപറയാൻ നമ്മെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നത് ഇപ്രകാരമാണ്: "എല്ലാ ക്രിസ്തീയ പ്രാർത്ഥനകളുടെയും മുഖ്യവക്താവ് പരിശുദ്ധാത്മാവാണ്. നമുക്ക് ആത്മാവിനെക്കൂടാതെ പ്രാർത്ഥിക്കാൻ പറ്റില്ല. അവൻ നമ്മുടെ ഹൃദയത്തിൽ നിമന്ത്രണങ്ങൾ നൽകുന്നു. നമ്മിൽ പ്രാർത്ഥിക്കുന്നതും പ്രാർത്ഥിക്കാൻ നമ്മെ പഠിപ്പിക്കുന്നതും പരിശുദ്ധാത്മാവാണ്."

പുതിയ കാര്യങ്ങൾ നമ്മെ പഠിപ്പിച്ചുതരുന്ന പ്രൊഫസറല്ല പരിശുദ്ധാത്മാവ്. പ്രത്യുത, യേശുവിനെക്കുറിച്ചും അവനിലൂടെ വെളിവാക്കപ്പെട്ട ദൈവികരഹസ്യങ്ങളെക്കുറിച്ചും അവൻ നമ്മെ പഠിപ്പിക്കുന്നു. യേശു ശിഷ്യന്മാരോട് പറഞ്ഞു: "ഉന്നതങ്ങളിൽ നിന്ന് ശക്തി ലഭിക്കുന്നതു വരെ നിങ്ങൾ നഗരത്തിൽ തന്നെ വസിക്കുവിൻ" (ലൂക്ക 24:49). "എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സത്യാത്മാവ് നിങ്ങളെ പല കാര്യങ്ങളും പഠിപ്പിക്കും. ഞാൻ പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ ഓർമ്മിപ്പിക്കുകയും ചെയ്യും" (യോഹ. 14: 26).

*Dominum et vivificatem* എന്ന ചാക്രികലേഖനത്തിൽ ജോൺപോൾ രണ്ടാൻ മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നത് ഇങ്ങനെയാണ്: ആത്മാവ്, യേശു പഠിപ്പിച്ച കാര്യങ്ങളുടെ യഥാർത്ഥ അർത്ഥം നമുക്ക് വെളിപ്പെടുത്തി തരുന്നു. അതുകൊണ്ട് സുവിശേഷം മനസ്സിലാക്കാൻ, അത് ജീവിക്കാൻ നാം ആത്മാവിനെ വിളിച്ചപേക്ഷിക്കണം. അതുകൊണ്ടാണ് സഭയുടെ എല്ലാ പ്രാർത്ഥനകളിലും പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കുന്നത്.

നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും പരിശുദ്ധാത്മാവുമായുള്ള അടുപ്പം കാത്തുസൂക്ഷിക്കാൻ കഴിയണം. വിശ്വാസത്തിൽ വളരാൻ സ്നേഹത്തിലാഴപ്പെടാൻ പരിശുദ്ധാത്മാവാണ് നമ്മെ സഹായിക്കുന്നത്. അനുദിനം വിശ്വാസത്തിലും ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും നാം ആഴപ്പെടുന്നില്ലെങ്കിൽ അതിനു കാരണം, ആത്മാവിന്റെ പ്രവർത്തനത്തിനായി നമ്മെത്തന്നെ തുറന്നു കൊടുക്കാത്തതാണ്.

നാം ചെയ്യുന്ന പ്രവൃത്തികൾ തെറ്റാണ് അല്ലെങ്കിൽ തെറ്റിലേയ്ക്ക് നയിക്കാൻ സാധ്യതയുള്ളതാണ് എന്ന ബോധ്യം നമ്മിൽ നിറയ്ക്കുന്നത് പരിശുദ്ധാത്മാവാണ്. യോഹ. 16:8-ൽ നാം ഇപ്രകാരം വായിക്കുന്നു: "അവൻ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും നമുക്ക് ബോധ്യം നൽകും." തങ്ങൾ ചെയ്തത് ഉറച്ചു വിശ്വസിച്ച് യേശുവിനെ കുരിശിലേറ്റിയ ദൈവജനം, ആത്മാവിനാൽ നിറഞ്ഞ പത്രോസിന്റെ ഒറ്റ പ്രസംഗത്താൽ പശ്ചാത്താപവിവശരായി. മൂവായിരത്തിലധികം ആളുകളുടെ ഹൃദയത്തിൽ അനുതാപത്തിന്റെ ചൈതന്യം നിറഞ്ഞു. പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കുമ്പോൾ നമ്മിലും അനുതാപം നിറയും. തെറ്റിനെക്കുറിച്ചുള്ള ആഴമായ ബോധ്യം നമുക്ക് ലഭിക്കും. അതു വഴിയായി പാപത്തിൽ നിന്നും ലോകത്തിന്റെ ആസക്തികളിൽ നിന്നും വിമുക്തമായ ജീവിതം നയിക്കാൻ നമുക്ക് സാധിക്കും.

ദിവ്യകാരുണ്യ മിഷനറി സഭയുടെ സ്ഥാപകരിലൊരാളും ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ *പരിശുദ്ധാത്മാവിന്റെ ഉച്ചഭാഷിണി* എന്ന് അറിയപ്പെട്ടിരുന്ന ബഹു. മാത്യു ആലക്കളത്തിലച്ചൻ പറയുന്നതിങ്ങനെയാണ്: "പരിശുദ്ധാത്മാവിനോട് എത്രമാത്രം യോജിച്ചിരിക്കുന്നുവോ, അതനുസരിച്ചേ ഭൂമിമേൽ ഒരു മനുഷ്യൻ സൗഭഗ്യവാനായിരിക്കുകയുള്ളൂ. ഭൂമിയിൽ സമ്പത്തും സംതൃപ്തിയും ഒന്നിച്ചനുഭവിക്കുവാൻ ആത്മാവ് നയിക്കുന്ന വഴിയേ നാം പോകണം. ആ വഴി സത്യത്തിന്റെ, സ്നേഹത്തിന്റെ, നീതിയുടേതാണ്."

"ആത്മാവേ, സത്യം മാത്രം എന്റെ നാവിലുദിക്കട്ടെ. ആത്മാവേ, സ്നേഹിക്കാൻ മാത്രം എന്നെ പഠിപ്പിക്കേണമേ. ആത്മാവേ, അർഹതയില്ലാത്തതൊന്നും എന്നിലേയ്ക്ക് എന്റെ കുടുംബത്തിലേയ്ക്ക് കടന്നുവരാൻ അനുവദിക്കരുതേ..." എന്ന് നമുക്ക് പ്രാർത്ഥിക്കാം.